## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1727 | 03.05.2017 – ൽ മറുപടിക്ക്

# റേഷൻ കാർഡ് വിതരണം

**ചോദ്യം** | **ഉത്തരം**

ശ്രീ.ആർ രാജേഷ് :

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പരിധിയിൽ ആനുകൂല്യം ലഭിക്കുന്നവരുടെ മുൻഗണനാ പട്ടികയിൽ അനർഹർ ഉൾപ്പെട്ടത് പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) മുൻഗണനാ പട്ടികയിൽ അനർഹർ ഉൾപ്പെട്ടത് പരിശോധിക്കുന്നതിന് വേണ്ടി എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും താലൂക്ക് സപ്ലൈ ഓഫീസർമാർക്കും 18.03.2017 ന് നിർദ്ദേശം നൽകുകയും അതിന്റെ ക്രമമായ തുടർനടപടികൾ നിരീക്ഷിച്ചു വരികയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ അനർഹരെ കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് റീ-റാങ്കിംഗ് നടത്തി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതാണ്.

(ബി) ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി) സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഇതിൽ ആക്ഷേപമുള്ളവരുടെ പരാതി പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ

എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധി ക്കുകയും ഹീയറിംഗ് നടത്തി പരാതികളിൽ തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ല കളക്ടർ ചെയർമാനും, ജില്ല സപ്ലൈ ഓഫീസർ കൺവീനറും ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ല സോഷ്യൽ വെൽഫെയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുകയും പരാതിക്ക് പരിഹാരം കാണുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരത്തിനായി നൽകുകയും അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസ്, ജില്ലാ സപ്ലൈ ഓഫീസ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് ലഭിച്ച പരാതിയിന്മേൽ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ അന്വേഷണം നടന്നു വരുന്നു. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന പ്രകാരം റീ-റാങ്കിംഗ് നടത്തി അർഹരെ ഉൾപ്പെടുത്തുന്ന നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ